ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/3464/2024-L5 (PLA) തീയതി: 10-03-2025

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് -കെ ഫോൺ ഉപയോഗിക്കുന്നതിനായി വകുപ്പിലെ സ്ഥാപനങ്ങൾ/ഓഫീസുകൾ തുക ചെലവഴിക്കുന്നത് സംബന്ധിച്ച്

സൂചന :- 20.11.2024 ലെ ഐ ടി -ബി 1/121/2023-ഐ ടി ഡി നമ്പർ പരിപത്രം

സൂചനയിലെ സർക്കാർ പരിപത്രം പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങൾ/ഓഫീസുകളുടെ ആവശ്യത്തിനായി കെ ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവും ഇൻറർനെറ്റ് ഉപയോഗത്തിന് എല്ലാ മാസവും അടക്കേണ്ട ചെലവും നിലവിൽ പ്രസ്തുത ഓഫീസുകളുടെ ടെലിഫോൺ/ഇൻറർനെറ്റ് ചെലവുകൾ വഹിച്ചുവരുന്ന നോൺ-പ്ലാൻ വിഭാഗത്തിൽപ്പെടുന്ന **05 Office Expenses - 03 Telephone Charges** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Shalij P R
Date: 10-03-2025 20:12:59

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഐ.റ്റി.-ബി1/121/2023-ഐ.റ്റി.ഡി.
ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-11-2024

**പരിപത്രം**

വിഷയം:- ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ ഉപയോഗിക്കുന്നതിനായി സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ തുക ചെലവഴിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 03-04-2024-ലെ സ.ഉ.(സാധാ) നം.70/2024/ITD.

സൂചനയിലെ ഉത്തരവ് പ്രകാരം, തടസ്സമോ വേഗതക്കുറവോ നേരിടാത്ത പക്ഷം കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ പ്രാഥമിക കണക്ഷനായി ഉപയോഗിക്കാനും മറ്റ് കണക്ഷനുകൾ വിച്ഛേദിക്കാനും നിർദേശം നൽകിയിരുന്നു. കൂടാതെ, പ്രസ്തുത ഉത്തരവ് പ്രകാരം, കെ-ഫോൺ ലിമിറ്റഡ് നൽകുന്ന ബിൽ പ്രകാരമുള്ള തുക ബന്ധപ്പെട്ട സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ ഒടുക്കണമെന്നും നിർദേശം നൽകിയിരുന്നു.

കെ-ഫോൺ ഉപയോഗിക്കുന്നതിനായി സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ ഏതെല്ലാം ആവശ്യങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും അല്ലെങ്കിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാമെന്നും, പ്ലാൻ ഫണ്ട് അല്ലെങ്കിൽ നോൺ പ്ലാൻ ഫണ്ട് അതുമല്ലെങ്കിൽ ഇവ രണ്ടും ലഭ്യമല്ലാത്ത ഓഫീസുകൾ/ സ്ഥാപനങ്ങൾ എപ്രകാരം കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ തുക ചെലവഴിക്കാമെന്നതും സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ട്.

ഇക്കാര്യത്തിൽ, ധനകാര്യ വകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കുന്ന നിർദേശം/സ്പഷ്ടീകരണം നൽകുന്നു.

**(i)** സർക്കാർ ഓഫീസുകളുടെ/ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവും ഇൻറർനെറ്റ് ഉപയോഗത്തിന് എല്ലാ മാസവും അടക്കേണ്ട ചെലവും നിലവിൽ പ്രസ്തുത ഓഫീസുകളുടെ ടെലഫോൺ /ഇന്റർനെറ്റ് ചെലവുകൾ വഹിച്ചു വരുന്ന പ്ലാൻ /നോൺ പ്ലാൻ വിഭാഗത്തിൽപ്പെടുന്ന **05 Office Expenses - 03 Telephone Charges** എന്ന **Detailed - Object** ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**(ii) 05 Office Expenses - 03 Telephone Charges** എന്ന പ്രത്യേക **Detailed - Object** ശീർഷകം അനുവദിച്ചിട്ടില്ലാത്തതും എന്നാൽ നിലവിൽ ടെലഫോൺ/ഇന്റർനെറ്റ് ചെലവുകൾ ഏതെങ്കിലും ബജറ്റ് ശീർഷകത്തിൽ നിന്നും പ്രോജക്ട്/പദ്ധതിയുടെ ഭാഗമായി വഹിച്ചു വരുന്നുണ്ടെങ്കിൽ പ്രസ്തുത ശീർഷകത്തിൽ നിന്നുതന്നെ ടി ചെലവുകൾ വഹിക്കാവുന്നതാണ്.

(iii) സർക്കാർ ബജറ്റ് പ്ലാൻ /നോൺ പ്ലാൻ വിഹിതം ഉപയോഗിച്ചല്ലാതെ മറ്റ് ഫണ്ട് ഉപയോഗിച്ച് (തനത് ഫണ്ട്, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ട് മുതലായവ) നിലവിൽ ടെലഫോൺ/ഇന്റർനെറ്റ് ചെലവുകൾ വഹിക്കുന്ന എല്ലാ സ്ഥാപനങ്ങളും കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവും ഇൻറർനെറ്റ് ഉപയോഗത്തിന് ഓരോ മാസവും അടക്കേണ്ട ചെലവും അതേ ഫണ്ടിൽ നിന്നും തന്നെ വഹിക്കേണ്ടതാണ്.

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് അധ്യക്ഷന്മാർക്കും.
മാനേജിങ് ഡയറക്ടർ, കെ-ഫോൺ ലിമിറ്റഡ്.
സെക്രട്ടറിയേറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mahesh. R
Date: 20-11-2024 16:01:32

സെക്ഷൻ ഓഫീസർ